കവിത

കാരൂർ സോമൻ

# മറവിപ്പെട്ട കൊച്ചി

കൊച്ചിക്കു മേലെയായി അഴുകി വീണൊരു മഴക്കാറാണ് ഞാൻ
രാത്രിയിരുട്ടവേ കുടപിടിക്കാൻ വന്നവരെ നനയിച്ചും
കൊച്ചി കണ്ടവന് അച്ചി വേണ്ടെന്നുറഞ്ഞവനെ ഓടിച്ചും
കൊച്ചിയെ കൊച്ചാക്കി മാറ്റിയ ഒരു ഇടിമിന്നലായി ഞാൻ

കടലെവിടെ? വറുതിയാവിയായ കായലെവിടെ മറൈൻഡ്രൈവിന്റെ
ബോൾഗാട്ടിയും, മംഗളവനവും, മറവിപ്പെട്ട കാഴ്ചത്തുരുത്തിലെ
പഴയ ഭാഷയുടെ നീട്ടവും കുറുക്കവും, ഒരു കൈത്തണലുമെവിടെ,
കേട്ടതെല്ലാം പൊട്ടയിംഗ്ലീഷ് മാത്രം, കണ്ടതെല്ലാം കണ്ണിൽ കറുപ്പുമാത്രം!

ഭൂപടങ്ങൾക്ക്  അതിരു നിശ്ചയിക്കുന്നതുപോലെ, മഞ്ഞയും നീലയും
മുറിച്ചു കടക്കാനാവാത്ത റോഡുകൾ, മൂവന്തി റെഡ് സിഗ്നലുകൾ
പെൺപടയുടെ കുണ്ടികൾ, അപ്പാർട്ട്മെന്റുകൾ, വഷളമുഖങ്ങൾ
എന്തും കിട്ടും ബ്രോഡ്‌വേ, കണ്ടില്ലല്ലോ നിന്നെയെവിടെയും ശാന്തേ?

ഇതു കൊച്ചിയോ, കൊച്ചായി മാറിയ ദൈവത്തിന്റെ അശരണമുഖമോ?
പുത്തനങ്ങാടിത്തെരുവോ വിലയിടും അതിരുകല്ലോ, വില്ലേജാഫീസോ
ഇവിടൊരു പൂവില്ല, പൂമ്പാറ്റയില്ല, പൂത്തു നിൽക്കും പൂവനമോ,
പൂങ്കാവനമോ, പുത്തനച്ചിയോ, കോട്ടയോ കൊത്തളങ്ങളോ ഇല്ല

ഗലികളിലുറങ്ങുന്ന ഒരു കൊച്ചു പെണ്ണിന്റെ മൊബൈൽ കലമ്പുന്നു
ഡ്യൂട്ടിക്ക് സമയമായി പോലും, കോണ്ടമെടുക്കെന്റെയമ്മേ
പോക്കറ്റ് മണി പറിച്ചെടുക്കല്ലേ അച്ഛാ, എടാ - ചേട്ടാ എന്നെയാ-
മറൈൻഡ്രൈവിലെ ഹോട്ട്സ്യൂട്ടിലേക്കൊന്നു ഡ്രോപ്പ് ചെയ്യടാ!

കേട്ടതല്ലിത്, മൈക്ക് വച്ച് പാടുന്നതല്ലിത്, മുഴങ്ങുന്നതാണിത്
മറൈൻഡ്രൈവിന്റെ മഴവിൽപാലത്തിൽ, ഒരു ഐസ്ക്രീം വേദനയിൽ
അതാ ഒരു കൊതുകു പാടുന്നു, ലാൽസലാം സഖാവേ മൂക്കുപൊത്തുക
ഇനി ഞാനൊന്നു പാടട്ടെ, രക്തസാക്ഷികൾ സിന്ദാബാദ്

ഇതെന്റെയും നിന്റെയും കൊച്ചിയല്ല, നമ്മുടെ കൊച്ചിയിൽ
വെട്ടോ തിരുത്തോ, കേട്ടെഴുത്തോ, എന്തിന് ഒരു ഇമ്പോസിഷനോ
കാണുമോ കണികാണുവാൻ, കറങ്ങിത്തിരിയുന്ന പൊലീസ്
വണ്ടിയിൽ കേൾക്കുമോ, ഒരു കാറിച്ചയും കൂവലും നിലവിളിയും

നമുക്ക് ഇവിടെയിറങ്ങാം, പ്രിയേ, കൊലവിളിയുടെ കനൽവിളിയിൽ
നമുക്ക് ഛേദിക്കാം ശിരസും, ചെവിയും, മരവിച്ചൊരു മനസ്സും

